# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.2690 06.11.2019-ൽ മറുപടിയ്ക്ക്

**കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ**

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്
,, എം.മുകേഷ്
പ്രൊഫ.കെ.യു.അരുണൻ
ശ്രീ.കെ.ജെ.മാക്സി

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(എ) കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി

കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രമുഖ നവോത്ഥാന സാംസ്കാരിക നായകന്മാരുടെ പേരിൽ ഓരോ ജില്ലയിലും ഏകദേശം 50 കോടി രൂപ ചിലവിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണം കേരളത്തിലെ വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതിക്കായി പാലക്കാട്, കൊല്ലം, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ ഭൂമി ലഭ്യമായിട്ടുണ്ട്. ഇതിൽ മൂന്ന് ജില്ലകളിൽ (പാലക്കാട്, കൊല്ലം, കാസർഗോഡ്) ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. അതിൽ മലപ്പുറം, കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ എന്നീ ജില്ലകളിൽ ഭൂമി കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതിൽ

കോഴിക്കോട് ജില്ലയിൽ കണ്ടെത്തിയ സ്ഥലത്ത് ഇൻഡോ - ഷാർജ കൾച്ചറൽ സെന്റർ, സാംസ്കാരിക വകുപ്പിന്റെ വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നിവ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ പദ്ധതിയ്ക്കായി ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്.

2. <u>ചിത്രാഞ്ജലി സ്റ്റുഡിയോയെ ഫിലിം സിറ്റിയായി മാറ്റുന്ന പദ്ധതി</u>

പദ്ധതിയുടെ ഡി പി ആർ കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

3. <u>തിരുവനന്തപുരം ജില്ലയിൽ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി</u>

തിരുവനന്തപുരത്ത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദിയുണ്ടാക്കുന്നതിനു വേണ്ടി കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കിൻഫ്രയുടെ 5.5 ഏക്കർ സ്ഥലം ഡീനോട്ടിഫൈ ചെയ്ത് ലഭിച്ചിട്ടുണ്ട്. ടി സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് ലഭ്യമാക്കുന്നതിനായി ഫെസ്റ്റിവൽ കോംപ്ലക്സിന്റെ പ്രാഥമിക പ്രോജക്റ്റ് പ്രൊപ്പോസൽ കിൻഫ്രയ്ക്ക് അക്കാദമി നൽകിയിട്ടുണ്ട്.

4. <u>തിയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി</u>

കായംകുളത്ത് തിയേറ്റർ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾക്രമങ്ങൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. അളഗപ്പനഗറിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ഉടൻ തന്നെ കരാറിൽ ഏർപ്പെടുന്നതാണ്. പേരാമ്പ്ര, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ ലഭിച്ച L1 ബിഡറുടെ ടെണ്ടർ തുക ഡി പി ആർ പ്രകാരമുള്ള എസ്റ്റിമേറ്റിനേക്കാൾ അധികരിച്ചതിനാൽ ടെണ്ടർ എക്സസ് അംഗീകരിച്ച് ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ബി) നൂറ് കോടി ചെലവിൽ അന്താരാഷ്ട്ര | (ബി) തിരുവനന്തപുരത്ത് അന്താരാഷ്ട്ര ഫിലിം |

| | | | |
|---|---|---|---|
| | ചലച്ചിത്രമേളയ്ക്കുള്ള സ്ഥിരം വേദി നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; സ്ഥിരം വേദി എന്ന് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | | ഫെസ്റ്റിവലിന് സ്ഥിരം വേദിയുണ്ടാക്കുന്നതിനു വേണ്ടി കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കിൻഫ്രയുടെ 5.5 ഏക്കർ സ്ഥലം ഡീനോട്ടിഫൈ ചെയ്ത് ലഭിച്ചിട്ടുണ്ട്. ടി സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് ലഭ്യമാക്കുന്നതിനായി ഫെസ്റ്റിവൽ കോംപ്ലക്സിന്റെ പ്രാഥമിക പ്രോജക്ട് പ്രൊപ്പോസൽ കിൻഫ്രയ്ക്ക് അക്കാദമി നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കേരള സംസ്കാര മ്യൂസിയം പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ; | (സി) | കേരള സംസ്കാര മ്യൂസിയം പദ്ധതിയ്ക്ക് ആവശ്യമായ സ്റ്റോറി ബോർഡ് തയ്യാറാക്കാനായി രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്റ്റോറി ബോർഡ് കമ്മിറ്റിയെ സഹായിക്കാൻ ഒരു മ്യൂസിയം ക്യൂറേറ്ററേയും അഞ്ച് ഗവേഷണ ബിരുദധാരികളായ പ്രോജക്ട് ഫെലോമാരെയും ഉടൻ തെരഞ്ഞെടുത്ത് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതാണ്. |
| (ഡി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കെ.എസ്.എഫ്.ഡി.സി യുടെ തിയേറ്റർ ശൃംഖല വിപുലീകരിക്കാൻ നടത്തിയ പ്രവർത്തനം അറിയിക്കാമോ; പുതിയവ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2017 ൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നോർത്ത് പറവൂരിലെയും ചിറ്റൂരിലെയും ചിത്രാഞ്ജലി തിയേറ്ററുകൾ വിഭജിച്ച് കൈരളി, ശ്രീ എന്ന പേരിൽ രണ്ട് തിയേറ്ററുകളാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. 2019 ൽ തിരുവനന്തപുരം കെ എസ് ആർ ടി സി ബസ് ടെർമിനലിൽ ലെനിൻ സിനിമാസ് എന്ന പേരിൽ ഒരു അത്യാധുനിക തിയേറ്റർ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം, അളഗപ്പനഗർ, പേരാമ്പ്ര, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ തിയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ